# കേരള നിയമസഭ
# 11.07.2012-ലെ മറുപടിക്ക്

പതിമൂന്നാം കേരള നിയമസഭ
അഞ്ചാം സമ്മേളനം
2012 ജൂലൈ 11, ബുധൻ
നക്ഷത്രചിഹ്നമിട്ട ചോദ്യങ്ങൾ
(ആകെ ചോദ്യങ്ങൾ- 30)

<u>മറുപടി നൽകുന്ന മന്ത്രിമാർ</u>

മുഖ്യമന്ത്രി

മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പു മന്ത്രി

ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി

ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി

<u>മത്സ്യമേഖലയുടെ പുനരുജ്ജീവനത്തിന് പദ്ധതികൾ</u>

*601 ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ
,, പി. കെ. ഗുരുദാസൻ
,, വി. ശിവൻകുട്ടി
,, കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ)

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കേരള വികസനത്തിനായി സാം പിത്രോഡ മുന്നോട്ടു വച്ച പദ്ധതികളിൽ, മത്സ്യമേഖലയുടെ നവീകരണത്തിനോ പുനരുജ്ജീവനത്തിനോ എന്തെങ്കിലും പദ്ധതിയുണ്ടോയെന്ന് വിശദമാക്കാമോ;

(ബി) മത്സ്യമേഖലയുടെ വികസനത്തിനുതകുന്ന എന്തെങ്കിലും പുതിയ പദ്ധതി ആവിഷ്ക്കരിക്കാൻ ഉദ്ദേശ്യമുണ്ടോയെന്നു വെളിപ്പെടുത്തുമോ;

(സി) മത്സ്യത്തൊഴിലാളികളുടെ ജീവനും സ്വത്തിനും തൊഴിലിനും സുരക്ഷ ഉറപ്പാക്കിക്കൊണ്ടുള്ള പദ്ധതിക്ക് രൂപം നൽകുമോ ?

# കേരള നിയമസഭ
## 11.07.2012-ലെ മറുപടിക്ക്

കള്ളുചെത്ത് തൊഴിലാളികളുടെ പ്രക്ഷോഭം

*602 ശ്രീ. വി. ചെന്താമരാക്ഷന്‍
,, കോടിയേരി ബാലകൃഷ്ണന്‍
,, ബാബു എം. പാലിശ്ശേരി
ശ്രീമതി കെ. കെ. ലതിക

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) സംസ്ഥാനത്തെ കള്ളുചെത്ത് വ്യവസായ തൊഴിലാളികളുടെ സംയുക്ത സമരസമിതി തൊഴില്‍ സംരക്ഷണത്തിനും മദ്യനയത്തിനുമെതിരെ പ്രക്ഷോഭത്തിലേര്‍പ്പെട്ടിരിക്കുന്നത് ശ്രദ്ധയില്‍പ്പെട്ടിട്ടുണ്ടോ;

(ബി) എങ്കില്‍ അവര്‍ ഉന്നയിച്ചിരിക്കുന്ന ആവശ്യങ്ങള്‍ എന്തൊക്കെയാണെന്ന് പരിശോധിച്ചിട്ടുണ്ടോ;

(സി) കള്ളുവ്യവസായ മേഖലയില്‍ ഇപ്പോള്‍ തൊഴില്‍ നഷ്ടപ്പെട്ടവര്‍ എത്രയാണ്; ഇതിനിടയായ സാഹചര്യം വിശദമാക്കാമോ ?

# കേരള നിയമസഭ
## 11.07.2012-ലെ മറുപടിക്ക്

റ്റി. ബി. ജി. ആർ. ഐ. നടത്തുന്ന ഗവേഷണങ്ങൾ

*603

ശ്രീ. എൻ. എ. നെല്ലിക്കുന്ന്
,, വി. എം. ഉമ്മർ മാസ്റ്റർ
,, പി. ഉബൈദുള്ള
,, അബ്ദുറഹിമാൻ രണ്ടത്താണി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ട്രോപ്പിക്കൽ ബൊട്ടാണിക്കൽ ഗാർഡൻ ആന്റ് റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട് നടത്തുന്ന ഗവേഷണ പ്രവർത്തനങ്ങളിൽ സംസ്ഥാനത്തിനകത്തും പുറത്തുമുള്ള ഏതൊക്കെ ഏജൻസികൾ സഹകരിക്കുന്നുണ്ട്;

(ബി) ടി. ബി. ജി. ആർ. ഐ. യുടെ ഗവേഷണ ഫലങ്ങൾ ഏതൊക്കെ വിധത്തിലാണ് സംസ്ഥാനത്തിന്റെ മുന്നേറ്റത്തിന് പ്രയോജനപ്പെടുത്തുന്നതെന്ന് വിശദമാക്കാമോ;

(സി) ടി. ബി. ജി. ആർ. ഐ. യുടെ പ്രവർത്തന ഫലമായി ഏതെങ്കിലും കാര്യങ്ങളിൽ പേറ്റന്റ് നേടിയെടുക്കാനായിട്ടുണ്ടോ; എങ്കിൽ അതു സംബന്ധിച്ച വിശദവിവരം നൽകാമോ ?

# കേരള നിയമസഭ
# 11.07.2012-ലെ മറുപടിക്ക്

<u>മത്സ്യത്തൊഴിലാളികൾ കടലിൽ നേരിടുന്ന അരക്ഷിതാവസ്ഥ</u>

*604 ശ്രീ. എം. എ. ബേബി
,, എസ്. ശർമ്മ
,, സി. കെ. സദാശിവൻ
,, കെ. വി. അബ്ദുൾ ഖാദർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മത്സ്യത്തൊഴിലാളികളുടെ സുരക്ഷയ്ക്ക് തടസ്സമായി നിൽക്കുന്ന ഘടകങ്ങൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ;

(ബി) പ്രതിദിനം കേരളതീരം വഴി ശരാശരി എത്ര കപ്പലുകൾ കടന്നുപോകുന്നതായി കണക്കാക്കിയിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(സി) മത്സ്യത്തൊഴിലാളികൾക്ക് കടലിൽ അരക്ഷിതാവസ്ഥ ഉണ്ടാകുന്നതിന് ഇത് ഏതെല്ലാം നിലയിൽ കാരണമാകുന്നുവെന്ന് വിലയിരുത്തിയിട്ടുണ്ടോ;

(ഡി) കേരളതീരം നിരീക്ഷണവിധേയമാക്കുന്നതിനും സുരക്ഷശക്തിപ്പെടുത്തുന്നതിനും പ്രതിരോധ മന്ത്രാലയം നിർദ്ദേശിച്ചിണ്ടായിരുന്നുവോയെന്ന് വിശദമാക്കാമോ ?

# കേരള നിയമസഭ
## 11.07.2012-ലെ മറുപടിക്ക്

<u>നാഷണൽ സേവിംഗ്സിലെ നിക്ഷേപം</u>

*605 ശ്രീ. കോവൂർ കുഞ്ഞുമോൻ
,, എ. എ. അസീസ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നാഷണൽ സേവിംഗ്സ് വഴി ഒരു വർഷം എത്ര രൂപയാണ് സമാഹരിക്കുന്നത്; ജില്ല തിരിച്ച് വ്യക്തമാക്കുമോ;

(ബി) കമ്മീഷൻ ഇനത്തിൽ ഒരു വർഷം എത്ര രൂപയാണ് ഏജന്റുമാർക്ക് നൽകേണ്ടിവരുന്നത്; ഇത് ഒരു വർഷത്തെ സേവിംഗ്സിന്റെ എത്ര ശതമാനമാണ്;

(സി) കൂടുതൽ നിക്ഷേപങ്ങൾ ലഭ്യമാക്കാൻ എന്തൊക്കെ നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നത്?

# കേരള നിയമസഭ
# 11.07.2012-ലെ മറുപടിക്ക്

<u>രാത്രികാല പട്രോളിംഗ് ഡ്യൂട്ടിയിലുള്ള പോലീസുകാർക്കുള്ള സുരക്ഷാ മുൻകരുതലുകൾ</u>

*606 ശ്രീ. എം. വി. ശ്രേയാംസ്കുമാർ
,, റോഷി അഗസ്റ്റിൻ
ഡോ. എൻ. ജയരാജ്
ശ്രീ. പി. സി. ജോർജ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) രാത്രികാല പട്രോളിംഗിൽ ഏർപ്പെട്ടിട്ടുള്ള പോലീസുകാർ അഭിമുഖീകരിക്കേണ്ടിവരുന്ന ഭീഷണികൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ആയതു കണക്കിലെടുത്ത് എന്തെല്ലാം സുരക്ഷാ മുൻ കരുതലുകളാണ് ഏർപ്പെടുത്താൻ ഉദ്ദേശിക്കുന്നത്;

(സി) രാത്രികാല പട്രോളിംഗിന് നിയുക്തരാകുന്ന പോലീസുകാർക്കു റിവോൾവർ ഉൾപ്പെടെയുള്ള ആയുധങ്ങൾ നല്കുന്നതിന് നടപടി സ്വീകരിക്കുമോ ?

# കേരള നിയമസഭ
## 11.07.2012-ലെ മറുപടിക്ക്

<u>സർക്കാരിനെയും ട്രഷറികളെയും ബന്ധിപ്പിക്കുന്ന നെറ്റ്‌വർക്ക് സംവിധാനം</u>

*607 ശ്രീ. എം. പി. വിൻസെന്റ്
,, കെ. അച്ചുതൻ
,, കെ. മുരളീധരൻ
,, വി. റ്റി. ബൽറാം

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സർക്കാരിനെയും ട്രഷറികളെയും ബന്ധിപ്പിക്കുന്ന നെറ്റ്‌വർക്ക് സംവിധാനം നടപ്പിലാക്കാൻ എന്തൊക്കെ കാര്യങ്ങൾ ചെയ്തിട്ടുണ്ട്; വിശദമാക്കുമോ;

(ബി) ഏതെല്ലാം ഏജൻസികളുടെ സഹായത്തോടെയാണ് ഇത് നടപ്പാക്കാനുദ്ദേശിക്കുന്നത്;

(സി) ഇതുകൊണ്ടുള്ള ഗുണങ്ങൾ എന്തെല്ലാമാണ്; വിശദാംശങ്ങൾ എന്തെല്ലാം;

(ഡി) ഈ സംവിധാനം എന്ന് നിലവിൽ വരുത്താനാണ് ലക്ഷ്യമിട്ടിട്ടുള്ളത്?

# കേരള നിയമസഭ
## 11.07.2012-ലെ മറുപടിക്ക്

<u>തിരുവനന്തപുരത്ത് ഹൈക്കോടതി ബഞ്ച്</u>

*608 ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻ നായർ
,, വി. ശിവൻകുട്ടി
ശ്രീമതി പി. അയിഷാ പോറ്റി
ശ്രീ. ബി. സത്യൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരത്ത് ഹൈക്കോടതി ബഞ്ച് സ്ഥാപിക്കാനുള്ള ശ്രമം ഏത് ഘട്ടത്തിലാണ്;

(ബി) അനുകൂലമായ എന്തെങ്കിലും തീരുമാനം ഉണ്ടായിട്ടുണ്ടോ;

(സി) ഈ സർക്കാർ ഇതിനായി ഇതിനകം നടത്തിയ ശ്രമങ്ങൾ എന്താണെന്ന് വിശദമാക്കാമോ ?

# കേരള നിയമസഭ
## 11.07.2012-ലെ മറുപടിക്ക്

<u>സുരക്ഷാ സംവിധാനം</u>

*609 ശ്രീ. പി. സി. വിഷ്ണുനാഥ്
,, ഡൊമിനിക് പ്രസന്റേഷൻ
,, അൻവർ സാദത്ത്
,, വി. റ്റി. ബൽറാം

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സുരക്ഷാ സംവിധാനം ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായി എന്തെല്ലാം നടപടികളാണ് കൈക്കൊള്ളാനുദ്ദേശിക്കുന്നത് ; വിശദാംശം നൽകാമോ ;

(ബി) തലസ്ഥാനത്തും ജില്ലാ ആസ്ഥാനങ്ങളിലും ക്യാമറകൾ സ്ഥാപിക്കുന്ന കാര്യം പരിഗണിക്കുമോ ; എങ്കിൽ വിശദാംശങ്ങൾ നൽകുമോ ;

(സി) പ്രധാനപ്പെട്ട സ്ഥാപനങ്ങളിൽ ക്യാമറകൾ സ്ഥാപിച്ച് പോലീസ് നിരീക്ഷണം ശക്തിപ്പെടുത്തുമോ ?

# കേരള നിയമസഭ
## 11.07.2012-ലെ മറുപടിക്ക്

ദേശീയപാതയിലെ അമിത വേഗതാ പരിശോധന

T *610 ശ്രീ. ഇ. പി. ജയരാജന്‍
,, കെ. കുഞ്ഞമ്മത് മാസ്റ്റര്‍
ശ്രീമതി കെ. എസ്. സലീഖ
ശ്രീ. സി. കെ. സദാശിവന്‍

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**ആഭ്യന്തരവും വിജിലന്‍സും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) ദേശീയപാതകളില്‍ അമിത വേഗത്തില്‍ വാഹനം ഓടിക്കുന്നതുമൂലമുള്ള അപകടങ്ങള്‍ നിയന്ത്രിക്കാന്‍ പുതിയ എന്തെങ്കിലും സംവിധാനം ഏര്‍പ്പെടുത്തിയിട്ടുണ്ടോ ; എങ്കില്‍ അതിന്റെ വിശദാംശങ്ങള്‍ വെളിപ്പെടുത്താമോ ;

(ബി) റോഡുകളില്‍ ദേശീയപാതാ അധികൃതര്‍ നിശ്ചയിച്ച വേഗപരിധി ഓരോ ഇനം വാഹനത്തിനും എത്രയാണെന്നും അതില്‍ എന്തെങ്കിലും ഭേദഗതി വരുത്തിയിട്ടുണ്ടോ എന്നും വിശദമാക്കാമോ ;

(സി) ചേര്‍ത്തല മണ്ണൂത്തി ദേശീയപാതയില്‍ അമിതവേഗത പരിശോധിക്കുന്നതിന് ക്യാമറകള്‍ ഘടിപ്പിക്കുന്ന സംവിധാനം ഫലപ്രദമാണ് എന്ന് കണ്ടെത്തിയിട്ടുണ്ടോ ; എങ്കില്‍ ക്യാമറകളുടെ പ്രവര്‍ത്തന രീതി എപ്രകാരമാണെന്നും പ്രസ്തുത സംവിധാനം അനുസരിച്ച് എത്ര കേസുകള്‍ കണ്ടെത്തി നടപടി സ്വീകരിച്ചുവെന്നും വ്യക്തമാക്കുമോ ;

(ഡി) പ്രസ്തുത സംവിധാനം സംസ്ഥാനത്തിന്റെ മറ്റ് ഭാഗങ്ങളിലേക്കു കൂടി വ്യാപിപ്പിക്കുമോ ?

# കേരള നിയമസഭ
## 11.07.2012-ലെ മറുപടിക്ക്

ക്രമസമാധാനപാലനം

*611 ശ്രീമതി ഗീതാ ഗോപി
ശ്രീ. മുല്ലക്കര രത്നാകരൻ
ശ്രീ. കെ. രാജു
,, ഇ. കെ. വിജയൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) നാഷണൽ ക്രൈം റിക്കാർഡ്സ് ബ്യൂറോയുടെ ഏറ്റവും പുതിയ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ മുൻകാലങ്ങളെ അപേക്ഷിച്ച് കുറ്റകൃത്യങ്ങളുടെ കണക്കിൽ കേരളം ഒന്നാം സ്ഥാനത്താണെന്നുള്ള വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) കേരളത്തിൽ മറ്റ് സംസ്ഥാനങ്ങളെ അപേക്ഷിച്ച് കുറ്റകൃത്യങ്ങൾ വർദ്ധിക്കുവാനുണ്ടായ കാരണങ്ങൾ വിലയിരുത്തിയിട്ടുണ്ടോ ; വിശദമാക്കുമോ ;

(സി) ക്രമസമാധാന രംഗത്ത് മുൻപന്തിയിലായിരുന്ന സംസ്ഥാനത്തെ വീണ്ടും മുൻപന്തിയിലെത്തിക്കുന്നതിന് ആഭ്യന്തര വകുപ്പ് എന്തെല്ലാം നടപടികൾ സ്വീകരിക്കാനുദ്ദേശിക്കുന്നു; വിശദമാക്കുമോ ?

# കേരള നിയമസഭ
## 11.07.2012-ലെ മറുപടിക്ക്

<u>സ്റ്റേറ്റ് ട്രാൻസ്പോർട്ട് അപ്പലേറ്റ് ട്രിബ്യൂണൽ നടത്തിയ റൂട്ട് കേസുകൾ</u>

T *612 ശ്രീ. കെ. അജിത്
,, വി. എസ്. സുനിൽ കുമാർ
,, പി. തിലോത്തമൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഹൈക്കോടതിയോടനുബന്ധിച്ചുള്ള സ്റ്റേറ്റ് ട്രാൻസ്പോർട്ട് അപ്പലേറ്റ് ട്രിബ്യൂണലിൽ കഴിഞ്ഞ ഒരു വർഷത്തിനിടയിൽ എത്ര റൂട്ട് കേസുകൾ കൈകാര്യം ചെയ്തു; ഇതിൽ എത്ര കേസുകളിൽ പരാജയപ്പെട്ടു;

(ബി) പ്രസ്തുത കേസുകൾ തോൽക്കുവാനുണ്ടായ കാരണങ്ങൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ;

(സി) കെ.എസ്.ആർ.ടി.സി. റൂട്ടുകൾ മുഴുവനും സ്വകാര്യ മേഖല കൈയ്യടക്കുവാനുള്ള ശ്രമം ഒഴിവാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; ഉണ്ടെങ്കിൽ എന്തുനടപടികളാണ് എടുത്തുവരുന്നതെന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 11.07.2012-ലെ മറുപടിക്ക്

<u>കെട്ടികിടക്കുന്ന ഫയലുകൾ</u>

*613 ശ്രീ. സി. എഫ്. തോമസ്
,, തോമസ് ഉണ്ണിയാടൻ
,, മോൻസ് ജോസഫ്
,, റ്റി. യു. കുരുവിള

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സർക്കാരിന് ലഭിക്കുന്ന പരാതികളിന്മേൽ ഉടൻ നടപടി സ്വീകരിക്കുന്നതിന് എന്തെല്ലാം മാർഗ്ഗങ്ങൾ നടപ്പാക്കുമെന്ന് വ്യക്തമാക്കുമോ ;

(ബി) കെട്ടികിടക്കുന്ന ഫയലുകൾ സമയബന്ധിതമായി തീർപ്പാക്കുന്നതിന് മാസാമാസങ്ങളിൽ അദാലത്തുകൾ നടത്തുന്നതിന് നടപടികൾ ഉണ്ടാകുമോ ; വിശദാംശം ലഭ്യമാക്കുമോ ?

# കേരള നിയമസഭ
## 11.07.2012-ലെ മറുപടിക്ക്

യന്ത്രവൽകൃത ബോട്ടുകൾക്ക് മണ്ണെണ്ണ വിതരണം

*614 ശ്രീ. കെ. കുഞ്ഞിരാമൻ (ഉദുമ)
പ്രൊഫ. സി. രവീന്ദ്രനാഥ്
ശ്രീ. കെ. ദാസൻ
,, ബി. ഡി. ദേവസ്സി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പതിനെട്ടായിരത്തോളം വരുന്ന യന്ത്രവൽകൃതബോട്ടുകൾ സംസ്ഥാന തീരത്തു പരമ്പരാഗതമായി മത്സ്യബന്ധനം നടത്തുന്നുണ്ടെന്ന കാര്യം അറിയാമോ;

(ബി) പരമ്പരാഗത മത്സ്യബന്ധന തൊഴിലാളികൾക്ക് പ്രതിവർഷം ആവശ്യമായ മണ്ണെണ്ണയുടെ അളവ് എത്രയാണെന്ന് കണക്കാക്കപ്പെട്ടിട്ടുണ്ടോ; ഇവർ മണ്ണെണ്ണയ്ക്കായി കരിഞ്ചന്തയെ ആശ്രയിക്കേണ്ടിവരുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) യന്ത്രവൽകൃത ബോട്ടുകൾ ഉപയോഗിച്ച് പരമ്പരാഗതമായി മത്സ്യബന്ധനം നടത്തുന്നവർക്ക് പ്രത്യേകമായി മണ്ണെണ്ണ നൽകാൻ ആവശ്യമായ നടപടികൾ സ്വീകരിക്കുമോ?

# കേരള നിയമസഭ
# 11.07.2012-ലെ മറുപടിക്ക്

തീവ്രവാദ ഗ്രൂപ്പുകളുമായി ബന്ധമുള്ള സംഘടനകൾ

*615 ശ്രീ. സി. ദിവാകരൻ
'' ഇ.കെ. വിജയൻ
'' ചിറ്റയം ഗോപകുമാർ
'' ഇ. ചന്ദ്രശേഖരൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് തീവ്രവാദ ഗ്രൂപ്പുകളുമായി ബന്ധമുള്ള സംഘടന കൾ പ്രവർത്തിക്കുന്നുണ്ടോ; ഉണ്ടെങ്കിൽ ഈ സംഘടനകൾ ഏതെല്ലാമാണന്നാണ് റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടുള്ളതെന്ന് വ്യക്ത മാക്കുമോ;

(ബി) ഈ സംഘടനകളുടെ പ്രവർത്തനം നിരിക്ഷിക്കുന്നതു സംബന്ധിച്ച് കേന്ദ്രഗവൺമെന്റിൽ നിന്ന് എന്തെങ്കിലും സൂചനകൾ സംസ്ഥാന സർക്കാരിന് ലഭിച്ചിട്ടുണ്ടോ;

(സി) ഇത്തരം സംഘടനകൾ അവരുടെ പ്രവർത്തനങ്ങൾക്കായി തെരഞ്ഞെടുത്തിട്ടുള്ള മേഖലകൾ ഏതെല്ലാമാണെന്നും എന്തെല്ലാം പ്രവർത്തനങ്ങളാണ് ഓരോ മേഖലയിലും ഇവർ നടത്തുന്നതെന്നും വെളിപ്പെടുത്തുമോ?

# കേരള നിയമസഭ
## 11.07.2012-ലെ മറുപടിക്ക്

<u>ട്രോളിംഗ് നിരോധന സമയത്തെ വിദേശ കപ്പലുകളുടെ മത്സ്യബന്ധനം</u>

*616 ശ്രീ. എസ്. ശർമ്മ
,, പി. കെ. ഗുരുദാസൻ
,, ബാബു എം. പാലിശ്ശേരി
,, ബി. സത്യൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ട്രോളിംഗ് നിരോധനം ഏർപ്പെടുത്തിയതിനു ശേഷവും സംസ്ഥാനത്തിന്റെ സമുദ്രാതിർത്തിക്കുള്ളിൽ വിദേശ കപ്പലുകൾ മത്സ്യബന്ധനം നടത്തുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഏതെങ്കിലും ലെറ്റർ ഓഫ് പെർമിഷൻ കേന്ദ്ര സർക്കാർ റദ്ദു ചെയ്തതായി അറിയാമോ;

(ബി) എങ്കിൽ പ്രസ്തുത നടപടി നിയന്ത്രിക്കുന്നതിന് സാദ്ധ്യമാകാത്തത് എന്തുകൊണ്ടാണ് എന്ന് വിശദമാക്കുമോ;

(സി) ട്രോളിംഗ് നിരോധനം ആരംഭിച്ചതിനു ശേഷം അന്യ സംസ്ഥാന ബോട്ടുകൾ കേരള തീരത്ത് നിന്നും പൂർണ്ണമായും ഒഴിഞ്ഞുപോയിട്ടുണ്ടെന്ന് ഉറപ്പാക്കിയിട്ടുണ്ടോ; വ്യക്തമാക്കുമോ ?

# കേരള നിയമസഭ
## 11.07.2012-ലെ മറുപടിക്ക്

<u>പരാതികൾ ഫോൺ വഴി നൽകുന്ന സംവിധാനം</u>

*617 ശ്രീ. പാലോട് രവി
,, സണ്ണി ജോസഫ്
,, എ. റ്റി. ജോർജ്
,, ഹൈബി ഈഡൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പോലീസ് സ്റ്റേഷനുകളിൽ ഫോണിൽ വിളിച്ച് പരാതി നൽകുന്ന സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ടോ ; വിശദമാക്കാമോ ;

(ബി) ഏതെല്ലാം വിഭാഗക്കാർക്കാണ് ഇങ്ങനെ പരാതി നൽകാൻ സംവിധാനം ഏർപ്പെടുത്തിയിരിക്കുന്നത് ;

(സി) പ്രസ്തുത സംവിധാനത്തിന്റെ പ്രവർത്തന രീതി വിശദമാക്കുമോ ;

(ഡി) ഈ സംവിധാനത്തെക്കുറിച്ച് വേണ്ടത്ര പ്രചാരണം നൽകുമോ ?

# കേരള നിയമസഭ
## 11.07.2012-ലെ മറുപടിക്ക്

സ്വർണ്ണശേഖരമുള്ള ബാങ്കുകളിലെ സുരക്ഷാ സംവിധാനങ്ങൾ

*618 ശ്രീ. ജി. സുധാകരൻ
,, കെ. കെ. നാരായണൻ
,, കോലിയക്കോട് എൻ കൃഷ്ണൻ നായർ
,, എം. ഹംസ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സഹകരണ മേഖലയുൾപ്പെടെയുള്ള ബാങ്കുകളിൽ നിക്ഷേപിച്ചിരിക്കുന്ന സ്വർണ്ണത്തിന് മതിയായ സംരക്ഷണം ഉറപ്പാക്കിയിട്ടുണ്ടോ ;

(ബി) സ്വർണ്ണ വില കുതിച്ചുയരുന്ന പശ്ചാത്തലത്തിൽ കവർച്ചകൾക്കെതിരെ എന്തെല്ലാം മുൻകരുതലുകളാണ് പോലീസ് എടുത്തിട്ടുള്ളതെന്ന് വിശദമാക്കുമോ ;

(സി) സ്വർണ്ണ ശേഖരമുള്ള ബാങ്കുകളിൽ മതിയായ സുരക്ഷാ സംവിധാനങ്ങൾ ഏർപ്പെടുത്താൻ നടപടി സ്വീകരിക്കുമോ ?

# കേരള നിയമസഭ
## 11.07.2012-ലെ മറുപടിക്ക്

<u>കേരള ഫിനാൻഷ്യൽ കോർപ്പറേഷന്റെ പ്രവർത്തനം</u>

*619 ശ്രീ. എം. പി. അബ്ദുൾസ്സമദ് സമദാനി
,, സി. മോയിൻകുട്ടി
,, പി. കെ. ബഷീർ
,, എം. ഉമ്മർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കേരള ഫിനാൻഷ്യൽ കോർപ്പറേഷന്റെ പ്രവർത്തനം കൂടുതൽ ജനോപകാര പ്രദവും വ്യാപകവുമാക്കാനുദ്ദേശിച്ചുള്ള പരിഷ്ക്കരണ നടപടികളെന്തെങ്കിലും പരിഗണനയിലുണ്ടോ;

(ബി) ഈ സ്ഥാപനം വഴി നല്കുന്ന വായ്പകളുടെ പലിശ നിരക്ക് പരമാവധി കുറയ്ക്കാനും സംരംഭകർക്ക് മതിയായ സാമ്പത്തിക സംരക്ഷണ് ഉറപ്പുവരുത്താനും സഹായകരമായ വിധത്തിലുള്ള പദ്ധതികളെക്കുറിച്ച് ആലോചിക്കുമോ;

(സി) ഈ സ്ഥാപനത്തിന്റെ നിലവിലെ പ്രവർത്തന ഫലമായി ഏതൊക്കെ മേഖലകൾക്കാണ് പ്രയോജനം ലഭിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ ?

# കേരള നിയമസഭ
## 11.07.2012-ലെ മറുപടിക്ക്

ചെക്ക് പോസ്റ്റുകളുടെ നവീകരണം

*620 ശ്രീ. എം. എ. വാഹിദ്
,, തേറമ്പിൽ രാമകൃഷ്ണൻ
,, കെ. ശിവദാസൻ നായർ
,, ഡൊമിനിക് പ്രസന്റേഷൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ചെക്ക് പോസ്റ്റുകളുടെ നവീകരണത്തിന് എന്തെല്ലാം നടപടികളാണ് കൈക്കൊണ്ടിട്ടുള്ളത്; വിശദമാക്കുമോ ;

(ബി) ചെക്ക് പോസ്റ്റുകളിൽ ക്യാമറ സ്ഥാപിക്കുവാനുള്ള നടപടികളിൽ എന്തെല്ലാം പുരോഗതി കൈവരിച്ചിട്ടുണ്ട് ; വിശദാംശങ്ങൾ എന്തെല്ലാം ;

(സി) ഇതിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് ?

# കേരള നിയമസഭ
## 11.07.2012-ലെ മറുപടിക്ക്

സർക്കാർ ജീവനക്കാരുടെ ജോലിസമയവും, സംഘടനാ പ്രവർത്തനങ്ങളും

*621 ശ്രീ. എൻ. ഷംസുദ്ദീൻ
,, റ്റി. എ. അഹമ്മദ് കബീർ
'' പി. ബി. അബ്ദുൾ റസാക്
'' കെ. എൻ. എ. ഖാദർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സർക്കാർ ജീവനക്കാരുടെ ജോലിസമയവും, അവരുടെ സംഘടനാ പ്രവർത്തനവും സംബന്ധിച്ച വിഷയത്തിൽ ഒരു വിലയിരുത്തലിന്റെ ആവശ്യകത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) സംഘടനാ പ്രവർത്തനത്തിന്റെ മറവിൽ ഒരു നല്ല വിഭാഗം ജീവനക്കാർ തങ്ങളുടെ ഉത്തരവാദിത്തം നിർവ്വഹിക്കാതെ മറ്റ് പ്രവർത്തനങ്ങളിലും, തൊഴിലുകളിലും ഏർപ്പെടുകയാണെന്നുള്ള ആക്ഷേപങ്ങൾ ശ്രദ്ധയിൽ വന്നിട്ടുണ്ടോ ;

(സി) ചില സംഘടനകൾ അവരുടെ 20% അംഗങ്ങൾ, മുഴുവൻ സമയ സംഘടനാ പ്രവർത്തകരാണെന്ന് അവകാശപ്പെടുന്ന സാഹചര്യവും, അവരെ മേലുദ്യോഗസ്ഥർക്ക് നിയന്ത്രിക്കാൻ കഴിയാത്തതുംമൂലം ജനങ്ങൾക്ക് അവകാശപ്പെട്ട സേവനം ലഭ്യമാകാത്ത അവസ്ഥയിൽ ജീവനക്കാരെ ഉത്തരവാദിത്ത ബോധത്തോടെ കൃത്യ നിർവ്വഹണത്തിന് സജ്ജരാക്കുവാൻ വേണ്ട നടപടികൾ സ്വീകരിക്കുമോ ?

# കേരള നിയമസഭ
## 11.07.2012-ലെ മറുപടിക്ക്

<u>തുറമുഖങ്ങളുടെ നിർമ്മാണം</u>

*622 ശ്രീ. സി. കൃഷ്ണൻ
,, കോടിയേരി ബാലകൃഷ്ണൻ
,, പി. ശ്രീരാമകൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് തുറമുഖങ്ങൾ സ്ഥാപിക്കേണ്ടതായ സ്ഥലങ്ങൾ ഏതൊക്കെയാണെന്നും അവ ഓരോന്നും സ്ഥാപിക്കുന്നതിന് ഇതിനകം സ്വീകരിക്കപ്പെട്ട നടപടികളും വിശദമാക്കാമോ;

(ബി) ഇപ്പോൾ നിർമ്മാണത്തിലിരിക്കുന്ന തുറമുഖ പദ്ധതികൾ ഓരോന്നും എപ്പോൾ പൂർത്തിയാക്കുമെന്നും അതിനാവശ്യമായ ഫണ്ട് വകയിരുത്തപ്പെട്ടിട്ടുണ്ടോയെന്നും വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 11.07.2012-ലെ മറുപടിക്ക്

ട്രഷറികളിൽ എ.ടി.എം സംവിധാനം

*623 ശ്രീ. അൻവർ സാദത്ത്
,, കെ. മുരളീധരൻ
,, ബെന്നി ബെഹനാൻ
,, വി. പി. സജീന്ദ്രൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ട്രഷറികളിൽ എ.ടി.എം സംവിധാനം ഏർപ്പെടുത്തുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വിശദമാക്കുമോ;

(ബി) ഏതൊക്കെ ഏജൻസികളുടെ സഹകരണത്തോടെയാണ് ഈ സംവിധാനം നടപ്പിലാക്കുന്നത്;

(സി) ഇതുകൊണ്ടുള്ള പ്രയോജനങ്ങൾ എന്തെല്ലാമാണ്; വിശദമാക്കുമോ;

(ഡി) പ്രസ്തുത സംവിധാനം എന്നു മുതൽ പ്രാവർത്തികമാക്കാനാകും എന്നാണ് പ്രതീക്ഷിക്കുന്നത്?

# കേരള നിയമസഭ
## 11.07.2012-ലെ മറുപടിക്ക്

ട്രഷറികളിൽ കോർബാങ്കിംഗ് സംവിധാനം

*624 ശ്രീ. ഐ. സി. ബാലകൃഷ്ണൻ
,, ഡൊമിനിക് പ്രസന്റേഷൻ
,, ഷാഫി പറമ്പിൽ
,, പി. എ. മാധവൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ട്രഷറികളിൽ കോർ ബാങ്കിംഗ് സംവിധാനം ഏർപ്പെടുത്തുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാം; വിശദമാക്കുമോ;

(ബി) ഏതെല്ലാം ഏജൻസികളുടെ സഹായത്തോടെയാണ് ഇതു നടപ്പാക്കാനുദ്ദേശിക്കുന്നത്;

(സി) ഇതുകൊണ്ട് ഉണ്ടാകുന്ന നേട്ടങ്ങൾ എന്തൊക്കെയാണ്; വിശദാംശങ്ങൾ എന്തെല്ലാം;

(ഡി) ഈ സംവിധാനം എന്നുമുതൽ പ്രാവർത്തികമാകും എന്ന് വിശദമാക്കുമോ ?

# കേരള നിയമസഭ
## 11.07.2012-ലെ മറുപടിക്ക്

<u>ഭൗമശാസ്ത്രപഠനകേന്ദ്രം നടത്തുന്ന പഠന ഗവേഷണപ്രവർത്തനങ്ങൾ</u>

*625 ശ്രീ. കെ. എം. ഷാജി
'' കെ. മുഹമ്മദുണ്ണി ഹാജി
'' സി. മമ്മൂട്ടി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഭൗമശാസ്ത്രപഠനകേന്ദ്രം നടത്തുന്ന പഠന ഗവേഷണ പ്രവർത്തനങ്ങൾ മുഖേന കഴിഞ്ഞ അഞ്ച് വർഷത്തിനിടയിൽ ഏതെല്ലാം മേഖലകളിൽ നേട്ടങ്ങളോ, മാറ്റങ്ങളോ ഉണ്ടാക്കാൻ സാധിച്ചു ; വിശദമാക്കുമോ ;

(ബി) കിണറുകളിൽ തിരയിളക്കമുണ്ടാവുക, ഇടിഞ്ഞുതാഴുക, ജലം പൊടുന്നനെ വറ്റിപ്പോകുക തുടങ്ങിയ പ്രതിഭാസങ്ങളെക്കുറിച്ച് "സെസ്സ്" പഠനം നടത്തിയിട്ടുണ്ടോ ; എങ്കിൽ കാരണങ്ങൾ കണ്ടെത്തിയിട്ടുണ്ടോ ; വിശദമാക്കുമോ ;

(സി) സംസ്ഥാനത്ത് ഭൂകമ്പസാദ്ധ്യതകളെക്കുറിച്ച് പഠനം നടത്തിയിട്ടുണ്ടോ ; വിശദമാക്കുമോ ?

# കേരള നിയമസഭ
## 11.07.2012-ലെ മറുപടിക്ക്

സാഫ് - ന്റെ പ്രവര്‍ത്തനം

*626 ശ്രീ. വര്‍ക്കല കഹാര്‍
,, ഷാഫി പറമ്പില്‍
,, അന്‍വര്‍ സാദത്ത്

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) മത്സ്യത്തൊഴിലാളി സ്ത്രീകളുടെ ഉന്നമനത്തിനായുള്ള സാഫ് എന്ന ഏജന്‍സി ഇതിനകം എത്ര കോടി രൂപയുടെ ധനസഹായം മല്‍സ്യത്തൊഴിലാളികള്‍ക്ക് നല്‍കിയിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ;

(ബി) സാഫിന്റെ പ്രവര്‍ത്തനങ്ങള്‍ക്ക് വേണ്ടി കൂടുതല്‍ തുക വകയിരുത്തുവാന്‍ ഉദ്ദേശിക്കുന്നുണ്ടോ ; എങ്കില്‍ ഇത് സംബന്ധിച്ച് വിശദാംശങ്ങള്‍ വെളിപ്പെടുത്തുമോ ?

# കേരള നിയമസഭ
## 11.07.2012-ലെ മറുപടിക്ക്

<u>'വല' നിർമ്മാണം</u>

*627 ശ്രീ. ലൂഡി ലൂയിസ്
,, വി. പി. സജീന്ദ്രൻ
,, എം. പി. വിൻസെന്റ്
,, പി. എ. മാധവൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഫിഷറീസ് വകുപ്പ് പുതിയ നെറ്റ് ഫാക്ടറി സ്ഥാപിക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ;

(ബി) നിലവിൽ എത്ര നെറ്റ് ഫാക്ടറികൾ സംസ്ഥാനത്ത് പ്രവർത്തിക്കുന്നുണ്ടെന്നും ഇവയുടെ ഉൽപാദനശേഷി എത്രയാണെന്നും വ്യക്തമാക്കുമോ;

(സി) സർക്കാർ മേഖലയിൽ നിർമ്മിക്കുന്ന നെറ്റ് ഈ മേഖലയുടെ ആവശ്യത്തിന് പര്യാപ്തമാണെന്ന് കരുതുന്നുണ്ടോ; എങ്കിൽ എവിടെയാണ് പുതിയ വല നിർമ്മാണ ഫാക്ടറി സ്ഥാപിക്കുവാൻ ഉദ്ദേശിക്കുന്നതെന്ന് അറിയിക്കുമോ;

(ഡി) പ്രസ്തുത ഫാക്ടറിയുടെ പ്രവർത്തനങ്ങൾക്ക് എന്ത് തുക ചെലവ് വരുമെന്നാണ് കണക്കാക്കുന്നത്?

# കേരള നിയമസഭ
## 11.07.2012-ലെ മറുപടിക്ക്

എല്ലാ സ്ഥാപനങ്ങളിലേക്കും പബ്ലിക് സർവ്വീസ് കമ്മീഷൻ വഴി നിയമനം

*628 ശ്രീ. തോമസ് ചാണ്ടി
,, എ. കെ. ശശീന്ദ്രൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഏതെല്ലാം സ്ഥാപനങ്ങളിലെ നിയമനങ്ങളാണ് പബ്ലിക് സർവ്വീസ് കമ്മീഷന് നൽകിയിട്ടുള്ളത് ; പ്രസ്തുത സ്ഥാപനങ്ങളിലെ എന്തെല്ലാം നിയമനങ്ങളാണ് പി. എസ്. സി. -യ്ക്ക് നൽകിയിട്ടുള്ളത് ;

(ബി) തസ്തികമാറ്റ നിയമനങ്ങൾ, സ്പോർട്ട്സ്ക്വാട്ട നിയമനങ്ങൾ, വികലാംഗനിയമനങ്ങൾ, ആശ്രിതനിയമനങ്ങൾ എന്നിവയുമായി ബന്ധപ്പെട്ട് ധാരാളം പരാതികളും കേസ്സുകളും നിലവിലുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) പ്രസ്തുത നിയമനങ്ങളിലെ സുതാര്യത ഉറപ്പുവരുത്തുന്നതിന് എല്ലാവിധ വകുപ്പുതല നിയമനങ്ങളും അവസാനിപ്പിച്ച് മേൽ സ്ഥാപനങ്ങളിലെ ഒഴിവുകൾ പൂർണ്ണമായും പബ്ലിക് സർവ്വീസ് കമ്മീഷനെ അറിയിക്കുന്നതിനും തസ്തികമാറ്റം, സ്പോർട്ട്സ്ക്വാട്ടാ, വികലാംഗ നിയമനം, ആശ്രിതനിയമനം എന്നിവ പി.എസ്.സി വഴി നടത്തുന്നതിന് നടപടി സ്വീകരിക്കുമോ ?

# കേരള നിയമസഭ
# 11.07.2012-ലെ മറുപടിക്ക്

ദുരന്ത പ്രതികരണ സംഘം

*629 ശ്രീ. ഹൈബി ഈഡൻ
,, കെ. ശിവദാസൻ നായർ
,, ഐ. സി. ബാലകൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) എല്ലാ ജില്ലകളിലും പോലീസിന്റെ ദുരന്ത പ്രതികരണ സംഘം രൂപീകരിക്കാനുദ്ദേശിക്കുന്നുണ്ടോ ;

(ബി) ഇതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങളും പ്രവർത്തന രീതിയും എന്തൊക്കെയാണ് ; വിശദാംശം നൽകുമോ ;

(സി) സംഘത്തിന്റെ പ്രവർത്തനത്തിനാവശ്യമായ ഉപകരണങ്ങൾ വാങ്ങുന്നതിനുളള ചെലവും പരിശീലനത്തിനുളള ചെലവും ആരാണ് വഹിക്കുന്നത് ;

(ഡി) പ്രസ്തുത ചെലവ് കേന്ദ്രം വഹിക്കണമെന്ന് സംസ്ഥാനം ആവശ്യപ്പെട്ടിട്ടുണ്ടോ ?

# കേരള നിയമസഭ
## 11.07.2012-ലെ മറുപടിക്ക്

<u>പോലീസ് വകുപ്പിൽ ഏകജാലക സംവിധാനം</u>

*630 ശ്രീ. ഷാഫി പറമ്പിൽ
'' എം. എ. വാഹിദ്
'' റ്റി. എൻ. പ്രതാപൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് എവിടെനിന്നും പരാതികൾ നൽകാൻ പോലിസ് വകുപ്പിൽ ഏകജാലക സംവിധാനം ഏർപ്പെടുത്താനുദ്ദേശിക്കുന്നുണ്ടോ ; വിശദമാക്കുമോ ;

(ബി) ഇതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങളും പ്രവർത്തനരീതിയും എന്തൊക്കെയാണ് ;

(സി) എവിടെയാണ് ഇത് ആദ്യമായി തുടങ്ങാൻ ഉദ്ദേശിക്കുന്നത് ; വിശദാംശങ്ങൾ എന്തെല്ലാം ;

(ഡി) ഈ സംവിധാനം ആരംഭിച്ചിട്ടുണ്ടോ ; വിശദമാക്കുമോ ?

കേരള നിയമസഭാ സെക്രട്ടേറിയറ്റ്, പി. കെ. മുരളീധരൻ,
തിരുവനന്തപുരം സെക്രട്ടറി - ഇൻ - ചാർജ്
2012 ജൂലൈ 2.

"T" ഇന്നത്തേയ്ക്ക് മാറ്റിയ ചോദ്യത്തെ സൂചിപ്പിക്കുന്നു.